# ഉയിർപ്പുക്കാലം

## വചന വിചിന്തനം

### നാലാം ഞായർ

### യോഹ 16,16-24

**"സന്തോഷം സമ്മാനിക്കുന്ന സങ്കടങ്ങൾ!"**

"ചരിത്രത്തിലേയ്ക്ക് ചുവടുവച്ച് 700 മാർഗ്ഗംകളിക്കാർ." കഴിഞ്ഞദിവസം വായിച്ചതിൽ വച്ച് (2015 ഏപ്രിൽ 18, മലയാള മനോരമ) ഏറ്റവും 'പോസറ്റീവ്' എനർജ്ജി സമ്മാനിച്ച വാർത്തകളിലൊന്നാണ്. കാരണം, കഷ്ടപാടുകളിലൂടെ കടന്നുപോകുന്നുണ്ടെങ്കിൽ അതിന്റെ പാരമ്യം അനന്തത അല്ലാ എന്നും, മറിച്ച്, അവർണ്ണനീയമായ സന്തോഷമാണെന്നും ഓർമ്മപ്പെടുത്തിയ ഒരു നല്ല വാർത്തായായിരന്നു അത്. ഇരിങ്ങാലക്കുട രൂപതയിലെ തെക്കൻ താണിശ്ശേരി ഇടവകയിലെ തിരുന്നാളിനോടനുബന്ധിച്ച് സംഘടിപ്പിച്ച മെഗാ മാർഗ്ഗംകളിയിൽ പങ്കെടുത്തത് 700 പേർ. വിശുദ്ധ തോമാശ്ലീഹായുടെ വീര ചരിതങ്ങൾ കൊട്ടിപ്പാടി അവർ ചുവടു വച്ചത് ലോക റെക്കോർഡിലേയ്ക്കാണ്. 88 വയസ് കഴിഞ്ഞ വാഴപ്പിള്ളി മേരിചേച്ചിയും 77 പിന്നിട്ട ത്രേസ്യാമ്മ ചാക്കപ്പനും കളിതട്ടിൽ ഏഴ് വയസുള്ള കുട്ടികൾക്കൊപ്പം ചുവടുകൾ വച്ചപ്പോൾ അത് കണ്ണിനും കാതിനും മാത്ര മല്ല കുളിരേകിയത്. മറിച്ച്, വിശ്വാസജീവിതത്തിന്റെ വിശ്വാസതയ്ക്ക് കൂടിയാണ്.

88 വയസസ്സുക്കാരി 7 വയസ്സുക്കാരിക്കൊപ്പം ചുവടു പിഴയ്ക്കാതെ നൃത്തം ചവിട്ടണമെങ്കിൽ കുറച്ചൊന്നുമല്ല പരിശീലനം ആവശ്യം. എന്നിട്ടും, 88 വയസ്സുക്കാരി 7 വയസ്സുക്കാരിക്കൊപ്പം നിറഞ്ഞാടി. 7 വയസ്സുക്കാരിയെ പ്രോത്സാഹിപ്പിച്ചതിനേക്കാൾ അധികം പ്രോത്സാഹനവും പത്രത്തിൽ പടവും വന്നത് 88 വയസ്സുക്കാരിയായ വാഴപ്പിള്ളി മേരിചേച്ചിയുടെതാണ്.

നീണ്ട ദിവസങ്ങൾ പരിശീലനത്തിന്റെ സങ്കടങ്ങളിലൂടെ കടന്നുപോയപ്പോൾ, പലപ്പോഴും, മനസ്സെത്തുന്നിടത്ത് മെയ്യും കണ്ണെത്തുന്നിടത്ത് കൈയും എത്താതെവന്നപ്പോൾ നിരശപ്പെട്ട് പിൻമാറുകയല്ല ചെയ്തത്. മറിച്ച്, കഠിനദ്ധ്യാനം മാത്രം. ഈ കഠിനദ്ധ്യാനത്തിന്റെ സങ്കടങ്ങളെ അജ്ജയമായ ആത്മശക്തിയാൽ അതിജീവിച്ചപ്പോൾ കർത്താവ് സമ്മാനിച്ച അനുഗ്രഹത്തിന്റെ പേരാണ് 'വിജയത്തിന്റെ സന്തോഷം!' എങ്കിൽ, ഒന്നുറപ്പാണ്, "എല്ലാ സങ്കടങ്ങൾക്കുപുറകിലും കർത്താവ് സന്തോഷം ഒളിപ്പിച്ച് വച്ചിട്ടുണ്ട്."

ക്രിസ്തു ഇന്ന് സംസാരിക്കുന്നത്, "സന്തോഷമായി മാറുന്ന സങ്കടങ്ങളെ കുറിച്ചാണ്." ഈ ലോകത്തിന്റെ സന്തോഷവും ക്രിസ്തു സമ്മാനിക്കുന്ന സന്തോഷവും വിഭിന്നങ്ങളാണ്. ഏറ്റവും ചുരിക്കത്തിൽ ഇതിനെ ഇപ്രകാരം അവതരിപ്പിക്കാം;

**ക്രിസ്തു നല്കുന്ന സങ്കടങ്ങളെല്ലാം സന്തോഷമായി മാറ്റപ്പെടും.**

**ലോകം നൽകുന്ന സന്തോഷങ്ങളെല്ലാം സങ്കടമായും മാറ്റപ്പെടും.**

ഇതിൽ ആരുടെ സന്തോഷത്തിനാണ് നാം വില കൽപ്പിക്കുന്നത്? ആര് നൽകുന്ന സന്തോഷത്തിന്റെ പുറകെയാണ് നാം യാത്ര ചെയ്യുന്നത്? ക്രിസ്തു നൽകുന്ന സന്തോഷത്തിന്റെ പുറകെയാണ് നാം യാത്ര ചെയ്യുന്നതെങ്കിൽ അത് നിത്യവും നില നിൽക്കുന്നതാണ്. എന്നാൽ, ലോകം നൽകുന്ന സന്തോഷമാകട്ടെ നൈമഷീകം മാത്രമാണ്. അൽപ്പസമയം കഴിഞ്ഞാൽ അതിന്റെ ആനന്ദം നിൽക്കുകയും കണ്ണുനീരിലേയ്ക്ക് നയിക്കുകയും ചെയ്യും.

എങ്ങനെയാണ് ലോകം നൽകുന്ന സന്തോഷങ്ങളെല്ലാം സങ്കടങ്ങളിൽ ചെന്നെത്തുന്നത്? ഒരുപാട് ഉദാഹരണങ്ങൾ അനുദിനജീവിതത്തിൽ കണ്ടെത്താനാകും. പത്താം ക്ലാസിൽ 10 A+ ആഗ്രഹിക്കുന്ന കുട്ടി കഷ്ടപ്പെട്ട്, കഠിനദ്ധ്യാനം ചെയ്ത് പഠിക്കണം.

*വേദനയുടെ കാലഘട്ടം ക്ഷണികമാണ്. കഴുകൻ തന്റെ കുഞ്ഞുങ്ങളെ താഴെയ്ക്കിട്ട് പറക്കാൻ പഠിപ്പിക്കുന്നതു പോലെയാണിത്. ഇടറിപോകുമ്പോൾ താങ്ങാൻ ദൈവമുണ്ടാകും!*

അപ്പോൾ കർത്താവ് ആ മകന്റെ/മകളുടെ ജീവിതത്തിലേയ്ക്ക് സമ്മാനിക്കുന്ന സന്തോഷമാണ് 10 A+. ഇതാണ് കർത്താവ് നൽകുന്ന സന്തോഷം. ഇത് എന്നും നിലനിൽക്കുന്നതാണ്. എന്നാൽ പത്താം ക്ലാസിൽ 10 A+ ആഗ്രഹിക്കുന്ന കുട്ടി കഷ്ടപ്പെടാതെയും കഠിനദ്ധ്വാനം ചെയ്യാതെയും പരീക്ഷയുടെ അന്ന് കോപ്പിയടിച്ച് ഫുൾ A+ വാങ്ങിയാലും സന്തോഷമുണ്ടാകും. പക്ഷെ, അത് എന്നും നിലനിൽക്കുകയില്ല. കാരണം, തുടർ പഠനങ്ങളിൽ ഇതുവരെ പഠിച്ചിട്ടുള്ള കാര്യങ്ങൾ കൃത്യതയോടെ പഠിച്ചിട്ടില്ലെങ്കിൽ ഫുൾ A+ പോയിട്ട് പരീക്ഷ ജയിക്കാൻ പോലും പറ്റില്ല എന്നു നമ്മുക്ക് അറിയാം. ഇത് തന്നെയാണ് കർത്താവ് നൽകുന്ന സന്തോഷത്തിന്റെയും ലോകം നൽകുന്ന സന്തോഷത്തിന്റെയും വലിയ അന്തരം!

ക്രിസ്തു ശിഷ്യരോട് പറയുന്നു, "അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. എന്നാൽ, വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങളെന്നെ കാണും" (യോഹ 16,16). ഇതിനെയാണ് കർത്താവ് "ദുഖം സന്തോഷമായി മാറും" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ക്രിസ്തു എന്തുമാത്രം ശിഷ്യരുടെ ജീവിതത്തിൽ അലിഞ്ഞില്ലാതായി എന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണിത്. ക്രിസ്തുവിന്റെ വിടവാങ്ങൽ പ്രസംഗത്തിന്റെ അവസാനഭാഗമാണിത്. ക്രിസ്തു പറയുന്നത് വരികൾക്കിടയിൽ നിന്ന് ചികഞ്ഞെടുത്താൽ ഇപ്രകാരമാണ്, "എന്റെ കടന്നുപോകൽ നിങ്ങളിൽ വലിയ ഒരു ശൂന്യത ഉണ്ടാക്കും. അത് നിങ്ങൾക്ക് വലിയ ദുഃഖത്തിന് കാരണമാകും. പക്ഷെ, നിങ്ങൾ പേടിക്കേണ്ട. ഞാൻ പോകുന്നത് നിങ്ങൾക്ക് സ്ഥലമൊരുക്കാനാണ്. ഞാൻ പോയി, സ്ഥലമൊരുക്കി കഴിയുമ്പോൾ വീണ്ടും തിരിച്ചു വരും. അന്ന് നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും."

ആരുമില്ലെങ്കിലും
എന്തുവില്ലെങ്കിലും
ഒന്നുമില്ലെങ്കിലും
ദൈവമുണ്ടെങ്കിൽ
എല്ലാമായി.
ദൈവമില്ലെങ്കിലോ?
മുന്നിൽ
കൊട്ടിയടച്ച വാതിലുകളും
ശൂന്യതകളും മാത്രം!

ഒരുവന്റെ ജീവിതത്തിൽ നിന്ന് ദൈവം പടിയിറങ്ങിയാൽ അവശേഷിക്കുന്നത് ശൂന്യത മാത്രമാണ്. ഈ ശ്യൂന്യതയെ കുറിച്ചുള്ള ചിന്ത ശിഷ്യൻമാരിൽ വലിയ ആസ്വസ്ഥത സൃഷ്ടിക്കുമെന്ന് തിരിച്ചറിഞ്ഞ കർത്താവ് അവരെ ആശ്വാസിപ്പിക്കുകയാണ്. കർത്താവില്ലാതെ ജീവിക്കാൻ ശിഷ്യൻമാർ പഠിച്ചിട്ടില്ല. പ്രാണനേക്കാൾ പ്രിയ്യമായിരുന്നവർ ഒരു നാൾ ജീവിതത്തിൽ നിന്ന് മാഞ്ഞുപോകുമ്പോഴുള്ള വേദനയിലൂടെ കടന്നുപോയവർക്ക് ശിഷ്യൻമാരുടെ മനോവ്യഥയും ശൂന്യതയും തിരിച്ചറിയാൻ സാധിക്കും.

ഇവിടെയും ക്രിസ്തു രണ്ട് മാർഗ്ഗങ്ങളാണ് തന്റെ ശിഷ്യരെ പഠിപ്പിക്കുന്നത്;

**1. സങ്കടത്തിന്റെ കുരിശും വഹിച്ച് സന്തോഷത്തിലേയ്ക്ക് പ്രവേശിക്കുക.**

**2. നൈമിഷീകമായ സന്തോഷത്തിന് വേണ്ടി സങ്കടങ്ങളെ കാറ്റിൽ പറത്തുക.**

ക്രിസ്തു ഇവിടെയും തന്റേയും ലോകത്തിന്റെയും സന്തോഷത്തിന്റെ ശൈലിയെ വരച്ചുകാട്ടുകയാണ്. ക്രിസ്തുവിന് തന്റെ പ്രിയ്യശിഷ്യരിൽനിന്നും, ശിഷ്യർക്ക് തങ്ങളുടെ പ്രിയഗുരുവിൽനിന്നും അകന്നിരിക്കാൻ ഏറെ സങ്കടമാണ്. എന്നിട്ടും, ക്രിസ്തു തന്റെ ജീവിതശൈലി ഇവിടെയും അനുവർത്തിക്കുകയാണ്. ഈ അകന്നുപോകൽ വിഷമമുള്ളതാണ്. എന്നിരുന്നാലും, ഞാൻ അകന്നുപോയാൽ മാത്രമാണ് നിങ്ങൾക്ക് സ്ഥലമൊരുക്കാനും സന്തോഷത്തിലേയ്ക്ക് നിങ്ങളെ ആനയിക്കാനും സാധിക്കു. ഇത് ക്രിസ്തുവിന്റെ ശൈലിയാണ്. "ദുഃഖവെള്ളിയുടെ കയ്പ്പു നിറഞ്ഞ അനുഭവത്തിലൂടെ ഉത്ഥാനത്തിന്റെ സന്തോഷം നിത്യം അനുഭവിക്കുന്ന ശൈലി."

ഇതിൽ രണ്ടാമത്തേത്, നൈമിഷീകമായ സന്തോഷത്തിന് വേണ്ടി സങ്കടങ്ങളെ കാറ്റിൽ പറത്തുന്ന ശൈലി, ലോകത്തിന്റെ ശൈലിയാണ്. കവി പാടുന്നതുപോലെ;

"എന്തുവന്നാലും എനിക്കാസ്വദിക്കണം
മുന്തിരിചാറു പോലെയുള്ള ഈ ജീവിതത്തെ!"

എന്റെ സന്തോഷം അതാണ് പരമപ്രധാനം. അതിനുവേണ്ടി ആരുടെ നെഞ്ചത്ത് കയറി നിൽക്കാനും, ആരുടെ കുതിക്കാല് വെട്ടാനും നാം തയ്യാറാണ്. ഇത്തരം സന്തോഷം അൽപ്പസമയത്തേയ്ക്ക് മാത്രമുള്ളതാണ്. ഉദാഹരണത്തിന്, ജോലി കഴിഞ്ഞു വരുമ്പോഴാണ് ബാറിന്റെ മുമ്പിൽ വലിയ ക്യൂ കാണുന്നത്. അപ്പോഴാണ്, കുടിക്കാനുള്ള പ്രലോ

ഭനം ഉണ്ടായത്. അതിനെ അതിജീവിക്കാൻ സാധിച്ചിരുന്നെങ്കിൽ ജീവിതത്തിനും, കുടുംബത്തിനും, കുടുംബത്തിലുള്ളവർക്കും സമാധാനം ഉണ്ടാകുമായിരുന്നു. പക്ഷെ, ഈ പ്രലോഭനത്തെ അതിജീവിക്കാൻ സാധിച്ചില്ലെങ്കിലോ എന്റെ സന്തോഷത്തിന് വേണ്ടി കുടുംബത്തിന്റെയും കുടുംബാഗംങ്ങളുടെയും സന്തേഷത്തെ ഞാൻ തല്ലി കെടുത്തുകയാണ്. എന്നിട്ട്, കുടിച്ചിട്ട് കിട്ടുന്ന സന്തോഷമോ, അതിന്റെ ലഹരി കഴിയുമ്പോൾ അവസാനിക്കുകയും ചെയ്യുന്നു. ഇത് ലോകം നൽകുന്ന സന്തോഷമാണ്. "പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള സങ്കടം കുറച്ചു നേരത്തേയ്ക്ക് മാത്രമുള്ളതാണ്. എന്നാൽ, അത് നൽകുന്ന സന്തോഷം എന്നും നിലനിൽക്കുന്നതുമാണ്."

"ഇപ്പോൾ നിങ്ങൾ ദുഃഖിതരാണ്. എന്നാൽ, നിങ്ങളെ ഞാൻ വീണ്ടും കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തേഷിക്കും. ആ സന്തോഷം ആരും നിങ്ങളിൽ നിന്ന് എടുത്തു കളയുകയുമില്ല" (യോഹ 16,22). ക്രിസ്തുവിനെ അനുഭവിക്കുമ്പോൾ, ക്രിസ്തുവിൽ നിന്ന് ലഭിക്കുന്ന സന്തോഷത്തിന്റെ വലിയ പ്രത്യേകതയാണിത്. അത് ഒരിക്കലും എടുത്തു കളയാവുന്നതോ അവസാനിപ്പിക്കാവുന്നതോ അല്ല. മറിച്ച്, നിത്യം നില നിൽക്കുന്നത്. ക്രിസ്തു തന്റെ വിടവാങ്ങലിനെയും അതുമൂലമുണ്ടാകുന്ന വേദനയേയും പിന്നീട് ഉണ്ടാകുന്ന കൂട്ടിമുട്ടലിനെയും തുടർന്നുണ്ടാകുന്ന സന്തോഷത്തെയും അവതരിപ്പിക്കാൻ എടുക്കുന്ന ഉദാഹരണം "പ്രസവവേദന അനുഭവിക്കുന്ന മാതാവിനെയും തുടർന്ന് തന്റെ മകനെ/മകളെ ഒരു നോക്കു കാണുമ്പോൾ ഉണ്ടാകുന്ന സന്തോഷത്തെയും" പങ്കുവച്ചു കൊണ്ടാണ്.

*ദുഃഖമായി മാറുന്ന സന്തോഷങ്ങളെ ത്യജിക്കാനും സന്തോഷമായി മാറുന്ന ദുഃഖങ്ങളെ സ്വീകരിക്കാനും നമുക്ക് സാധിക്കണം!*

ഈ ലോകം കണ്ടിട്ടുള്ളതിൽ വച്ചുള്ള വേദനകളിൽ ഏറ്റവും വലിയ വേദന പ്രസവവേദനയാണ്. പക്ഷെ, തന്റെ കുഞ്ഞിന്റെ മുഖം ഒരുമാത്രം കണ്ടു കഴിയുമ്പോൾ പ്രസവവേദനയുടെ നൊമ്പരം മാതാവ് മറന്ന് കളയുന്നു. കാരണം, ആ വേദനയിലൂടെ കടന്നു പോകുമ്പോൾ തന്റെ വേദനയ്ക്ക് കർത്താവ് നൽകുന്ന സമ്മാനം 'തന്റെ കുഞ്ഞി'ന്റെ സാന്നിദ്ധ്യം തന്റെ എല്ലാ വേദനകളും അകറ്റാൻ പാകത്തിന് സമ്പന്നമാണ്. 'പ്രസവ വേദന' ഈ ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ വേദനകളിൽ ഒന്നാണ് എന്നതിന്റെ പേരിൽ കുഞ്ഞിന് ജന്മം നൽകാതെ ദാമ്പത്യജീവിതം അവസാനിപ്പിച്ച ആരുമില്ല. അതുകൊണ്ട് തന്നെയായിരിക്കണം, ക്രിസ്തു "സങ്കടം സന്തോഷമായി മാറും" എന്നതിന് ഏറ്റവും നല്ല ഉദാഹരണമായി "പ്രസവവേദന"യെ അവതരിപ്പിക്കുന്നത്.

"നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. എന്നാൽ, ലോകം സന്തോഷിക്കും" (യോഹ 16,20). സഹനത്തെ ഇരട്ടിയാക്കുന്നത് അതിന്റെ കാഠിന്യം കൊണ്ടല്ല. മറിച്ച്, തങ്ങളുടെ വേദനയിൽ തങ്ങളോടൊത്ത് സഹതപിക്കാൻ തങ്ങളുടെ പ്രിയപ്പെട്ടവർ പോലുമില്ല എന്നുള്ള തിരിച്ചറിവാണ്. ഒപ്പം, തങ്ങളുടെ സഹനം കണ്ട് സന്തോഷിക്കുന്നവർ ഏറെയാണ് എന്നുള്ള കാഴ്ച്ചയും. കഴിഞ്ഞ ദിവസം മലയാള മനോരമയുടെ 'എന്റർടേൻമെന്റ്' ചാനലായിട്ടുള്ള 'മഴവിൽ മനോരമ'യിൽ അൽഭുതകരമായ ഒരു സംഭവം കാണാൻ ഇടയായി. പരിപാടിയുടെ പേര് "ഉഗ്രം അത്യുജ്ജ്വലം." 10 വയസുക്കാരന്റെ നെഞ്ചത്ത് വലിയ പാറക്കല്ല് എടുത്തുവച്ച് കൂടം കൊണ്ട് അടിച്ച് പൊട്ടിക്കുന്നു. തുമ്പിയെ കൊണ്ട് കല്ലെടുപ്പിക്കുന്നതു പോലെ മറ്റുള്ളവരുടെ കണ്ണുനീര് പോലും വിറ്റ് കാശാക്കുന്നവരുടെ എണ്ണം ലോകത്ത് കൂടി കൊണ്ടു വരുന്നു. ഇത് ക്രിസ്തു രണ്ടായിരം വർഷങ്ങൾക്കുമുമ്പേ കണ്ടിരുന്നു. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞ് വച്ചത്; "നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. എന്നാൽ, ലോകം സന്തോഷിക്കും."



***"നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. എന്നാൽ, ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും. എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും."***

**യോഹ 16,20**

ഫാ. ജോബി മേനോത്ത് : +91 944 7777 931